പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 51 24.01.2018 ലെ മറുപടിക്ക്

**കയർ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.എ.പി. അനിൽ കുമാർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത തറികളിൽ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ കഴിയാത്തത് കയർ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) പരമ്പരാഗത തറികളിൽ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. പരമ്പരാഗത കയറുൽപ്പന്നങ്ങൾക്ക് വിപണി വിഹിതം കുറയുന്നത് കയർ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.<br><br>പരമ്പരാഗത തറികളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മെഷീൻ നിർമ്മിത ഉല്പന്നങ്ങളെക്കാൾ ഉല്പാദനചെലവ് കൂടുന്നതിനാലും, പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ ഉല്പാദന ക്ഷമത കുറവായതിനാലും അവയ്ക്ക് വില കൂടുതലാണ്. അതിനാലാണ് ടി ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുവാൻ കഴിയാതെ വരുന്നത്. ഈ സ്ഥിതിവിശേഷം പരമ്പരാഗത തൊഴിലാളികളുടെ ജോലിയേയും കൂലിയേയും ബാധിക്കരുതെന്നതാണ് സർക്കാർ നയം. ഇതിനായി പരമ്പരാഗത മേഖലയിൽ നിന്നുള്ള കയർ ഉൽപ്പന്നങ്ങൾ പരിധിയില്ലാതെ കയർ കോർപ്പറേഷൻ മുഖാന്തിരം സംഭരിക്കുന്നുണ്ട്. |
| ബി) പ്രസ്തുത കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വില്പന ഉയർത്തുന്നതിന് പ്രത്യേക കമ്പനിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) & സി) ഉണ്ട്. കയർ ഉൽപ്പന്നങ്ങൾക്ക് വിപണനം കണ്ടെത്തുന്നതിനായി പ്രത്യേക കമ്പനി രൂപീകരിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| സി) എങ്കിൽ കയർ മേഖലയുമായി ബന്ധമുള്ള വിദഗ്ധരെ മാത്രം ഉൾപ്പെടുത്തി കമ്പനി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ